നിങ്ങളിലൊരാളും തന്റെ സഹോദരന് നേരെ ആയുധം ചൂണ്ടരുത്. അവനറിയില്ല, ചിലപ്പോൾ പിശാച് അവന്റെ കൈ തെന്നാൻ വഴിയൊരുക്കുകയും, അങ്ങനെ അവൻ നരകത്തിന്റെ അഗാധഗർത്തത്തിൽ അകപ്പെടുകയും ചെയ്തേക്കാം

> അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങളിലൊരാളും തന്റെ സഹോദരന് നേരെ ആയുധം ചൂണ്ടരുത്. അവനറിയില്ല, ചിലപ്പോൾ പിശാച് അവന്റെ കൈ തെന്നാൻ വഴിയൊരുക്കുകയും, അങ്ങനെ അവൻ നരകത്തിന്റെ അഗാധഗർത്തത്തിൽ അകപ്പെടുകയും ചെയ്തേക്കാം."
>
> [صحيح] [متفق عليه]

ഒരു മുസ്ലിമായ വ്യക്തി തന്റെ മുസ്ലിം സഹോദരന് നേരെ ഏതെങ്കിലും തരത്തിലുള്ള ആയുധം ചൂണ്ടുന്നതിൽ നിന്ന് നബി -ﷺ- താക്കീത് നൽകുന്നു. കാരണം പിശാച് ചിലപ്പോൾ അവന്റെ ആയുധം കയ്യിൽ നിന്ന് ചലിപ്പിക്കുകയും, തന്റെ സഹോദരനെ വധിക്കുന്നതിനോ മുറിവേൽപ്പിക്കുന്നതിനോ അത് കാരണമാവുകയും ചെയ്യും. അതിലൂടെ നരകത്തിന്റെ അഗാതഗർത്തങ്ങളിൽ അകപ്പെടാൻ കാരണമാകുന്ന തിന്മയിൽ അവൻ അകപ്പെടുകയും ചെയ്യും.

http://www.sunnah.global/hadeeth/ml/show/66246